(ഡി) സർക്കാർ വകുപ്പുകളിലും പൊതുമേഖലാ/സ്വയംഭരണ സ്ഥാപനങ്ങളിലും പുതുതായി തസ്തിക സൃഷ്ടിക്കുന്നതിന് വിലക്ക് നിലവിലുള്ളതിനാൽ ശുപാർശ നിരാകരിച്ച് മറുപടി നൽകിയിട്ടുണ്ട്.

(ഇ) പിരിവ് (ഡി)-യിൽ പറഞ്ഞിട്ടുള്ള തടസ്സം നിലവിലുണ്ട്.

(എഫ്) പുതിയ തസ്തിക സൃഷ്ടിക്കുന്നതിൽ ധനകാര്യ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള വിലക്ക് പിൻവലിക്കുന്ന മുറയ്ക്ക് തസ്തിക സൃഷ്ടിക്കുന്നതിന് അനുമതി നൽകുന്നതാണ്.

കോഴിക്കോട് സർവ്വകലാശാലയുടെ കീഴിലുള്ള ഡിഗ്രി കോഴ്സിന്റെ പരീക്ഷാഫലം തടഞ്ഞുവച്ചതിനെതിരെ നടപടി

191 (2940) ശ്രീ. സി. കെ. നാണു :
ശ്രീ. എ. സി. ഷൺമുഖദാസ് :
ശ്രീ. കെ. പി. മോഹനൻ :
ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാലയുടെ കീഴിലുള്ള ഏതെങ്കിലും കോളേജുകളിൽ ഏതെങ്കിലും കോഴ്സിന്റെ എല്ലാ വിദ്യാർത്ഥികളുടേയും പരീക്ഷാഫലം തടഞ്ഞുവയ്ക്കുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ ഏത് ഡിഗ്രികോഴ്സിന്റെ ഫലമാണ് തടഞ്ഞു വച്ചതെന്നും കാരണം എന്താണെന്നും വെളിപ്പെടുത്താമോ ;

(സി) തടഞ്ഞു വച്ചിട്ടുണ്ടെങ്കിൽ പരീക്ഷാഫലം തടഞ്ഞുവയ്ക്കാൻ ഇടയാക്കിയതിന് കാരണക്കാരായവരുടെ പേരിൽ നടപടി എടുക്കുമോ ?

ഉത്തരം

(എ&ബി) ശ്രീ കേരള വർമ്മ കോളേജിലെ ബി.എസ്.സി. ഫിസിക്സ് കോഴ്സിന്റെ മൂന്നാം വർഷഫലം തടഞ്ഞുവയ്ക്കുകയുണ്ടായി. തെറ്റായ കോഡ് നമ്പർ ചേർത്തായിരുന്നു ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയത്തിന് സർവ്വകലാശാലയിൽ ലഭിച്ചത് എന്നതിനാലാണ് പരീക്ഷാഫലം തടഞ്ഞുവച്ചത്.

(സി) സംഭവത്തിന് കാരണക്കാരായവർ ആരെല്ലാമാണെന്ന് അന്വേഷിച്ചുകൊണ്ടുള്ള നടപടികൾ പുരോഗമിച്ചുവരുന്നതായും പരീക്ഷാഫലം 10-7-2003-ന് പ്രസിദ്ധീകരിച്ചതായും സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

കോഴിക്കോട് സർവ്വകലാശാലയിൽ രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

192 (2941) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാലയിൽ 2-ാം ഗ്രേഡ് അസിസ്റ്റന്റായി നിയമിക്കുന്നതിനുള്ള റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly